# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3830 | 11/ 11/ 2019-ൽ മറുപടിയ്ക്ക്

## ഡിഫ്ത്തീരിയ രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | ഈ വർഷം കൂടുതലായി ഡിഫ്ത്തീരിയ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ. | എ) | 2019 വർഷത്തിൽ 299 ഡിഫ്ത്തീരിയ ആണെന്ന് സംശയിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലബോറട്ടറി പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ 25 എണ്ണം ഡിഫ്തീരിയ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട് . മുൻ വർഷങ്ങളിലും സമാന രീതിയിൽ ഡിഫ്തിരിയ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ കുട്ടികൾക്കും വാക്സിനേഷൻ നൽകാൻ മാതാപിതാക്കൾ തയ്യാറാകാത്തതാണ് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യാൻ കാരണം. |
| ബി) | ഏതൊക്കെ ജില്ലകളിലാണ് ഡിഫ്ത്തീരിയ ബാധ ലാബ്പരിശോധനയിൽ തെളിഞ്ഞിട്ടുള്ളത്; | ബി) | തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ |
| സി) | ഡിഫ്ത്തീരിയ മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വെളിപ്പെടുത്താമോ; | സി) | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം, എറണാകുളം). കൂടാതെ suspected ഡിഫ്ത്തീരിയ കാരണം മലപ്പുറത്തും, കാസർഗോഡും മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) | ചെറിയ കുട്ടികളിൽ കണ്ടുവന്നിരുന്ന ഡിഫ്ത്തീരിയ രോഗം ഒമ്പത് വയസ്സിന് മുകളിലുള്ള കുട്ടികളിലും പ്രായമായവരിലും ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; | ഡി) | കണ്ടെത്തിയിട്ടുണ്ട്. വിലയിരുത്തിയിട്ടുണ്ട്. |
| ഇ) | ഡിഫ്ത്തീരിയ രോഗത്തിന് നൽകുന്ന റ്റി.റ്റി. വാക്സിന് പകരം ടെറ്റനസ്സ് ഡിഫ്ത്തീരിയ-അഡലറ്റ് വാക്സിൻ നൽകണമെന്ന ഡബ്ല്യൂ.എച്ച്.ഒ. യുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ നടപ്പിലാക്കിയെന്ന് അറിയിക്കുമോ; | ഇ) | നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് 10 വയസ്സിലും 15 വയസ്സിലുമാണ് Td വാക്സിൻ ഇപ്പോൾ നൽകുന്നത്. 2019 ജൂൺ - ജൂലൈ മാസം മുതൽ Td വാക്സിൻ സംസ്ഥാനത്ത് നടപ്പിലാക്കി. |

➡

**എഫ്)** ഇത് നടപ്പിലാക്കിയ ശേഷവും ഡിഫ്ത്തീരിയ ബാധിക്കുന്ന രോഗികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ഗൗരവമായി എടുത്ത് പ്രതിരോധ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുമോയെന്ന് അറിയിക്കുമോ?

**എഫ്)** പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതലായി നടത്തി വരുന്നുണ്ട്. ഡിഫ്തീരിയ കേസ് റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൂടുതൽ ആളുകളിലേയ്ക്ക് ഡിഫ്തീരിയ പടരാതെയിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ വാക്സിൻ എടുക്കുന്നതിനെപ്പറ്റിയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ